## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1737** **08/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.കെ.രാജൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ മുൻ പദ്ധതികളിൽ പൂർത്തീകരിക്കാൻ കഴിയാത്ത 39616 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31484 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3434 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 4932 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 16477 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ നടപടികൾ പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ ഗ്രാമപ്രദേശങ്ങളിൽ 2185 വീടുകളും നഗരപ്രദേശങ്ങളിൽ 28063 വീടുകളും വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ സൗഭാഗ്യ പദ്ധതി വഴി ലൈഫ് മിഷന്റെ ഭൂമിയുള്ള മുഴുവൻ ഭവന രഹിതർക്കും സൗജന്യ വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല. |
| (സി) | ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മറ്റെന്തൊക്കെ ഭവന അനുബന്ധ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ലൈഫ് ഗുണഭോക്താക്കളിലെ ദുർബല വിഭാഗങ്ങൾക്ക് മഹാത്മാഗാന്ധി NREGS-ൽ ഉൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന വീട് നിർമ്മിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ സിമന്റ് ബ്ലോക്കുകൾ നിർമ്മിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ യോഗ്യരായ ഗുണഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതിയും ശുചിമുറിയും നൽകുന്നതിന് ലക്ഷ്യമിടുന്നു. ലൈഫ് പദ്ധതി പ്രകാരം ഭവനസമുച്ചയത്തിൽ ഭവനം അനുവദിക്കുന്നവർക്ക് അനുബന്ധ സൗകര്യങ്ങളായി, അംഗൻവാടി, പൊതു സ്ഥലം എന്നിവ ഉണ്ടായിരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഭവന പദ്ധതിയുടെ ഗുണഭോക്താവ് ഒരു തദ്ദേശസ്ഥാപനത്തിന്റെ പട്ടികയിൽ ഉൾപ്പെടുകയും ആ വ്യക്തിയുടെ ഭൂമി മറ്റൊരു തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ വരികയും ചെയ്താൽ ആ ഗുണഭോക്താവ് ഏത് തദ്ദേശസ്ഥാപനത്തിൽപ്പെടുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഭവന പദ്ധതിയുടെ ഗുണഭോക്താവ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പട്ടികയിൽ ഉൾപ്പെടുകയും ആ വ്യക്തിയുടെ ഭൂമി മറ്റൊരു തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ വരികയും ചെയ്താൽ പട്ടികയിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ആ ഗുണഭോക്താവ് ഭൂമിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലായിരിക്കും ഉൾപ്പെടുക. |
| (ഇ) | ഭൂമിയില്ലാത്ത പട്ടികയിലുള്ള ഗുണഭോക്താവിന് പിന്നീട് ഭൂമി ലഭ്യമായാൽ അദ്ദേഹത്തെ ഏതു പട്ടികയിൽഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഭൂമിയില്ലാത്ത പട്ടികയിലുള്ള ഗുണഭോക്താവിന് പിന്നീട് ഭൂമി ലഭ്യമായാൽ ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ് |

**സെക്ഷൻ ഓഫീസർ**